# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7061        2/11/2011 ൽ മറുപടിയ്ക്ക്

## 'സൈബർ ശ്രീ' പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ബെന്നിബഹനാൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 'സൈബർ ശ്രീ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് വേണ്ടി സി-ഡിറ്റ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൈബർ ശ്രീ. സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി) രംഗത്ത് ആധുനിക സാങ്കേതികവിദ്യാ പരിശീലനം നൽകി പ്രസ്തുത മേഖലയിൽ ഉന്നത തൊഴിൽ ലഭ്യമാക്കുന്നതിന് അവരെ സജ്ജമാക്കുക എന്നതാണ് സൈബർ ശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സോഫ്റ്റ് വെയർ വികസനം, ത്രീഡി ആനിമേഷൻ, എംബഡഡ് സിസ്റ്റം, മാറ്റ് ലാബ് തുടങ്ങിയവയിലാണ് ഇപ്പോൾ പരിശീലനം നൽകിവരുന്നത്. സാങ്കേതിക പരിശീലനം നൽകുന്നതോടൊപ്പം സോഫ്റ്റ്സ്കിൽ പരിശീലനവും നൽകി തൊഴിൽ നേടുവാനുള്ള മത്സരത്തിൽ അവരെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സൈബർ ശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 10 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പരിശീലന പദ്ധതികൾ തുടരുന്നതിനു വേണ്ട സാമ്പത്തിക സഹായത്തിനായി സൈബർശ്രീ ഓരോ വർഷവും പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് അനുവദിച്ചു വരുന്നു. കൂടാതെ ഓരോ വർഷവും പ്രസ്തുത രംഗത്ത് നൂതനമായ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ട സാമ്പത്തിക സഹായവും ചെയ്തു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി വഴി നടപ്പാക്കുന്ന വിവര സാങ്കേതിക വിദ്യാ പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഐ.ടി. രംഗത്തും അനുബന്ധ ശാഖയായ കമ്മ്യൂണിക്കേഷൻ ടെക്നോളജി മേഖലയിലും ഫിനിഷിംഗ് സ്കൂൾ മാതൃകയിലുള്ള High End പരിശീലനം സംസ്ഥാനത്തിന്റെ മറ്റ് പ്രധാന കേന്ദ്രങ്ങളിൽ കൂടി സൈബർശ്രീ റീജണൽ സെന്ററുകൾ തുടങ്ങി പദ്ധതി ഊർജ്ജിതപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 7062 — 2.11.2011 ലെ മറുപടിക്ക്

<u>മെസ്ഗേൾ തസ്തികയിലെ ഇന്റർവ്യൂ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. സി. ജോർജ് | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ)28.11.2007-ലെ 28777/ജി.3/06/തൊഴിൽ നമ്പർ സർക്കുലറിലെ ഇന്റർവ്യൂ സംബന്ധമായ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ, മുൻസർക്കാരിന്റെ കാലത്ത്, തിരുവനന്തപുരം, പൂച്ചെടി വിളയിലെ പെൺകുട്ടികളുടെ ഹോസ്റ്റലിൽ 'മെസ്ഗേൾ' തസ്തികയിലേക്ക് നടത്തിയ നിയമനം റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ; | എ) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |
| (ബി) പ്രസ്തുത സർക്കുലറിലെ, ഇന്റർവ്യൂ സംബന്ധിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പുറപ്പെടുവിച്ച അതേ ലിസ്റ്റിൽ നിന്ന് വീണ്ടും ഇന്റർവ്യൂ നടത്തി നിയമനം സുതാര്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | ബി) | പരിശോധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാംകേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7065    2/11/2011 ൽ മറുപടിയ്ക്ക്

## പഠനം മുടങ്ങുന്നത് തടയാൻ നടപടി

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വടകര മോഡൽ പോളിടെക്നിക്കിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റ് ലഭിക്കാത്തതും ഫീസടയ്ക്കാൻ ആവശ്യപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ദരിദ്ര വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്നത് തടയാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ? | (ബി) | വരുമാന പരിധി ഇല്ലാതെ നഴ്സറിതലം മുതൽ പി.ജി./പ്രൊഫഷണൽ തലം വരെയുള്ള എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 7066 — 2.11.2011 ലെ മറുപടിക്ക്

**പട്ടികജാതി വികസന വകുപ്പിൽ പുതിയ തസ്തികകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . റ്റി. എ. അഹമ്മദ് കബീർ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ) പട്ടികജാതി വികസന വകുപ്പിലെ ജില്ലാ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇത് സംബന്ധിച്ച ശുപാർശകളൊന്നും നിലവിലില്ല. |
| (ബി) ജോലി ഭാരം ഏറെയുള്ള പട്ടികജാതി വികസന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; ഒരേ സ്വഭാവമുള്ള ജോലി നിർവ്വഹിക്കുന്ന എസ്.സി.ഡി.ഒ. ഗ്രേഡ് I, എസ്.സി.ഡി.ഒ. ഗ്രേഡ് II എന്നിവരുടെ ശമ്പളം ഏകീകരണത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉദ്യോഗസ്ഥ- ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II, എൽ.ഡി.സി, വാച്ച്മാൻ, വാർഡൻ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച വരുന്നു. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II എന്നിവരുടെ ശമ്പളം ഏകീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ ശുപാർശകളൊന്നുമില്ല. |
| (സി) വയനാട്ടിലേക്ക് മാറ്റിയ എസ്.സി.ഡി.ഒ. തസ്തിക മലപ്പുറത്തേക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ